## പതിമൂന്നാം കേരള നിയമസഭ
### പതിനാറാം സമ്മേളനം

19.02.2016-ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *253

## റോഡുകളിൽ ആധുനിക രീതിയിലുള്ള കുഴിയടയ്ക്കൽ കർമ്മ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, എ.പി.അബ്ദുള്ളക്കുട്ടി<br>,, അൻവർ സാദത്ത്<br>,, കെ.ശിവദാസൻ നായർ : | ശ്രീ.വി.കെ. ഇബ്രാഹിംകുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡുകളിൽ ആധുനിക രീതിയിലുള്ള കുഴിയടയ്ക്കൽ രീതിയ്ക്ക് കർമ്മ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (എ) ഉണ്ട്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) ആധുനിക രീതിയിൽ പോട്ട് ഹോൾ ഫില്ലിംഗ് മെഷീൻ ഉപയോഗിച്ച് റോഡുകളിലുണ്ടാകുന്ന കുഴികൾ സമയബന്ധിതമായി അടയ്ക്കുവാനും, റോഡുകളിൽ ടാർ ചൂടാക്കുന്നതുമൂലമുണ്ടാകുന്ന പരിസ്ഥിതി പ്രശ്നങ്ങൾ ഒഴിവാക്കുന്നതിനും, പോട്ട് ഹോൾ ഫില്ലിംഗ് പണികൾ ചെയ്യുമ്പോൾ ഉണ്ടാകുന്ന ട്രാഫിക് ബ്ലോക്കുകൾ കുറയ്ക്കുവാനും അറ്റകുറ്റപ്പണികളുടെ ഈട് കൂട്ടുവാനുമാണ് ടി പദ്ധതിയിലൂടെ ഉദ്ദേശിച്ചിരിക്കുന്നത്. |
| (സി) ഇത് നടപ്പിലാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ? | (സി) 28.05.2014 ലെ സ.ഉ.(സാധാ) 708/14/ പൊ.മ.വ. പ്രകാരം ആലപ്പുഴ, എറണാകുളം, മൂവാറ്റുപുഴ റോഡ്സ് ഡിവിഷനുകളിലെ 274 കി.മീ. ദൈർഘ്യം വരുന്ന റോഡുകളിലെ കുഴിയടക്കുന്നതിന് M/s കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് മുഖേന "Python 5000" എന്ന pothole patching equipment ഉപയോഗിച്ച് ഒരു പൈലറ്റ് പ്രോജക്ട് ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും പണി ഏറ്റെടുക്കുവാനായി മുന്നോട്ടുവന്ന കമ്പനി പിൻവാങ്ങിയതിനാൽ ഇക്കാര്യത്തിൽ തുടർ നടപടികൾ ആയിട്ടില്ല. |

സെക്ഷൻ ഓഫീസർ